മാത്രം ബലത്തിൽ ജലനിരപ്പുയർത്തുന്നതിന് തമിഴ്നാട് നടപടി സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ; കേരള ജനതയുടെ ആശങ്ക ദൂരീകരിക്കുന്നതിനായി തമിഴ്നാടിന് നൽകാൻ കഴിയുന്ന ചില ക്രിയാത്മക നിർദ്ദേശങ്ങൾ വ്യക്തമാക്കിക്കൊണ്ട് പ്രസ്തുത നിർദ്ദേശങ്ങൾ പരിഗണിക്കുന്നതിലേക്കായി 15-11-2014-ൽ കേരളം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**ആശുപത്രികളിലെ മരുന്ന് ക്ഷാമം**

26 (*85) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജ് മുതൽ പ്രാഥമികാരോഗ്യ കേന്ദ്രം വരെയുള്ള ആശുപത്രികളിൽ മരുന്ന് ക്ഷാമം നേരിട്ടുകൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ആശുപത്രികളിൽ ഗുണനിലവാരം ഉറപ്പാക്കാതെ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എങ്ങുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) യഥാസമയം വിതരണം ചെയ്യാത്തതുമൂലം കോടിക്കണക്കിന് രൂപയുടെ മരുന്നുകൾ നശിപ്പിക്കേണ്ടി വന്നിട്ടുണ്ടോ ; വിശദമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) 2014-15 സാമ്പത്തിക വർഷത്തെ ഇൻഡന്റ് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽനിന്നും ആരോഗ്യ വകുപ്പിൽനിന്നും ലഭിക്കുകയുണ്ടായി. നടപ്പു സാമ്പത്തിക വർഷം മുതൽ സർക്കാർ നിർദ്ദേശാനുസരണം ഇ-ടെണ്ടർ മുഖേനയാണ് ടെൻഡർ ക്ഷണിച്ചത്. എന്നാൽ ഓൺലൈനായി ബിഡ് സമർപ്പിക്കുന്നതിലുള്ള പരിചയക്കുറവുമൂലം പല വിതരണക്കാർക്കും ടെണ്ടറിൽ പങ്കെടുക്കുവാൻ സാധിച്ചില്ല. തൽഫലമായി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വളരെ കുറച്ചു മരുന്നുകൾക്കു മാത്രമേ വിതരണക്കാരെ ലഭിച്ചുള്ളൂ. മറ്റുള്ളവയിൽ ഒന്നിൽ കൂടുതൽ ബിഡ്ഡർമാരുള്ളതും കാരുണ്യ ഫാർമസിയിലെ വിലയെക്കാൾ കുറഞ്ഞ വിലയുള്ളതുമായ ഇനങ്ങൾക്ക് ടെൻണ്ടർ ചെയ്ത ക്വാണ്ടിറ്റിയുടെ 50% ഓർഡറുകൾ നൽകുകയും ശേഷിക്കുന്നവയും വിതരണക്കാരെ ലഭിക്കാത്തതുമായ മരുന്നുകളും ഉൾപ്പെടെ 306 ഇനം മരുന്നുകൾ റീ-ടെൻഡർ ചെയ്യുന്നതിനായി ഡയറക്ടർ ബോർഡ് തീരുമാനിച്ചു. അമോക്സിസിലിൻ, ആംപിസിലിൻ, മെറ്റ്ഫോർമിൻ, ഡൈസൈക്ലോമിൻ, അംലോഡിപിൻ തുടങ്ങിയ ചില അവശ്യമരുന്നുകൾ വിതരണം ചെയ്യുന്ന കെ.എസ്.ഡി.പി.-യും മറ്റു ചില കമ്പനികളും മരുന്നു വിതരണത്തിൽ വീഴ്ച വരുത്തിയതും ചില അവശ്യമരുന്നുകളുടെ വിതരണത്തിൽ നേരിയ ക്ഷാമം നേരിടുവാൻ കാരണമായി.

2014-15 സാമ്പത്തിക വർഷം മരുന്നുകൾ സംഭരിക്കുന്നതിനായി മാത്രം 242 കോടി രൂപ ബഡ്ജറ്റിൽ തുക വകയിരുത്തിയപ്പോൾ 434.7 കോടി രൂപയുടെ ഇൻഡന്റാണ് ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും സംയുക്തമായി മരുന്നു സംഭരണത്തിനായി നൽകിയത്. ഇതിൽ നാളിതുവരെ 212 കോടി രൂപയുടെ മരുന്നുകൾ ആരോഗ്യ വകുപ്പിനും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനുമായി നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും നൽകിയ മരുന്നുകളുടെ തുക കണക്കാക്കിയാൽ തന്നെ വാർഷിക അലോക്കേഷന്റെ 90%-ൽ കൂടുതൽ കോർപ്പറേഷന്റെ വെയർഹൗസുകളിലൂടെ നൽകിയിട്ടുണ്ട്. അവശ്യമരുന്നുകളും, ടെണ്ടർ മുഖേന ലഭിക്കാത്ത ന്യൂറോ മരുന്നുകളും ആശുപത്രികളിൽനിന്ന് നേരിട്ട് വാങ്ങി (ലോക്കൽ പർച്ചേസ്) ഉപയോഗിക്കാൻ മെഡിക്കൽ കോളേജ് സൂപ്രണ്ടുമാർക്കും, ആശുപത്രി മേധാവികൾക്കും അനുവാദം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ടും ലഭ്യമാക്കുകയുണ്ടായി.

(ബി) ഇല്ല. ഗുണനിലവാരം ഉറപ്പുവരുത്തിയ മരുന്നുകളാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആശുപത്രികൾക്ക് വിതരണം ചെയ്തിട്ടുള്ളത്. നടപ്പു സാമ്പത്തിക വർഷത്തെ ടെൻഡറിൽ എല്ലാ മരുന്നു വിതരണക്കാരും, വിതരണം ചെയ്യുന്ന മരുന്നുകളിൽ ഓരോ ബാച്ചും എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ ഉള്ള ലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തിയ റിപ്പോർട്ട് ഉൾപ്പെടെ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം ഗുണനിലവാരം ഉറപ്പുവരുത്തിയ മരുന്നുകളാണ് കോർപ്പറേഷന്റെ വെയർഹൗസുകളിൽ എത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ കോർപ്പറേഷന്റെ വെയർഹൗസിൽ ലഭിക്കുന്ന മരുന്നുകളുടെ 10% റാണ്ടമായി ശേഖരിച്ച് കോർപ്പറേഷൻ എംപാനൽ ചെയ്ത ലാബുകളിൽ അയച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ഇതിനു പുറമേ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പും സ്റ്റാറ്റ്യൂട്ടറി സാമ്പിൾ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തിവരുന്നു.

(സി) നശിപ്പിച്ചിട്ടില്ല. എക്സ്പയറി ഡേറ്റ് കഴിഞ്ഞ ചില മരുന്നുകൾ കെട്ടിക്കിടക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അവശ്യ മരുന്നുകളുടെ വില നിയന്ത്രണം

27 (*86) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. രാജു :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശ്യ മരുന്നുകളുടെ വില നിയന്ത്രിക്കാനുള്ള നാഷണൽ അതോറിറ്റിയുടെ പ്രത്യേക അധികാരം കേന്ദ്ര സർക്കാർ എടുത്തു കളഞ്ഞതു മൂലമുണ്ടായിട്ടുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മരുന്നുകൾക്ക് കൃത്രിമക്ഷാമം സൃഷ്ടിച്ച് അമിതവില ഈടാക്കി രോഗികളെ ചൂഷണം ചെയ്യാനുള്ള നീക്കങ്ങൾക്കെതിരെ എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) രോഗികൾക്ക് കുറഞ്ഞ നിരക്കിൽ മരുന്നുകൾ എത്തിച്ചു കൊടുക്കുന്നതിനുള്ള എന്തെങ്കിലും സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) അവശ്യ മരുന്നുകളുടെ വില നിയന്ത്രിക്കാനുള്ള നാഷണൽ അതോറിറ്റിയുടെ പ്രത്യേക അധികാരം കേന്ദ്ര സർക്കാർ എടുത്തു കളഞ്ഞിട്ടില്ല.